# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട**
**ചോദ്യം നമ്പർ: *136**

**11.08.2017 - ൽ**
**മറുപടിയ്ക്ക്**

## ഐ.സി.എ.ആർ. മാതൃകാനിയമം കാർഷിക സർവ്വകലാശാലയിൽ നടപ്പിലാക്കൽ

**ചോദ്യം**

**ശ്രീ.കെ.കൃഷ്ണൻകുട്ടി**
**ശ്രീ.കോവൂർ കുഞ്ഞുമോൻ**
**ശ്രീ.സി.കെ.നാണു**
**ശ്രീ.കെ.ബി.ഗണേഷ് കുമാർ**

**മറുപടി**

**ശ്രീ.വി.എസ്.സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| **എ)** വിവിധ കാർഷിക സർവ്വകലാശാലകൾക്കായി ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ (ഐ.സി.എ.ആർ.) നടപ്പിലാക്കിയ പൊതുനിയമം കേരള കാർഷിക സർവകലാശാല നടപ്പാക്കാത്തത് ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ; | **എ)** വിവിധ കാർഷിക സർവ്വകലാശാലകൾക്കായി ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ (ഐ.സി.എ.ആർ.) തയ്യാറാക്കിയ പൊതുനിയമം (ഐ.സി.എ.ആർ. മാതൃകാ നിയമം) കേരള കാർഷിക സർവകലാശാലയിൽ നടപ്പാക്കിയിട്ടില്ല. |
| **ബി)** മാതൃകാനിയമം നടപ്പാക്കാത്ത പക്ഷം കേന്ദ്രസർക്കാരിന്റെ എല്ലാ സഹായങ്ങളും നിർത്തിവെക്കും എന്ന് അടുത്തിടെ കാർഷിക സർവ്വകലാശാല സന്ദർശിച്ച ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ അധികാരികൾ മുന്നറിയിപ്പ് നൽകിയിരുന്നോ; ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ തീരുമാനിച്ചിട്ടുള്ളത്; | **ബി)** മാതൃകാനിയമം നടപ്പാക്കാത്ത പക്ഷം കേന്ദ്രസർക്കാരിന്റെ എല്ലാ സഹായങ്ങളും നിർത്തിവെക്കും എന്ന് ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിൽ നിന്ന് രേഖാമൂലമുള്ള അറിയിപ്പുകൾ ഒന്നും ലഭിച്ചിട്ടില്ല എന്ന് കാർഷിക സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. |
| **സി)** മാതൃകാനിയമം നടപ്പാക്കാതിരിക്കുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്; ഇതു പരിഹരിക്കാൻ സർവകലാശാല തലത്തിലും സർക്കാർ തലത്തിലും എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? | **സി)** കേരള നിയമസഭ പാസ്സാക്കിയ 1971-ലെ ആക്ട് 33 പ്രകാരമുള്ള കാർഷിക സർവ്വകലാശാല നിയമം (1971), ഐ.സി.എ.ആർ. മാതൃകാ നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഭേദഗതി ചെയ്യേണ്ടതുണ്ട് എന്നതാണ് ഐ.സി.എ.ആർ. മാതൃകാ നിയമം നടപ്പിലാക്കുക എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതനുസരിച്ച് നിലവിലെ ജനറൽ കൗൺസിലിന്റെയും ഭരണസമിതിയുടെയും ഘടന മാറ്റേണ്ടതുണ്ട്.<br><br>1971 ലെ കാർഷിക സർവ്വകലാശാല ആക്ട് 33 അനുസരിച്ച് രൂപീകരിച്ചിട്ടുള്ള ജനറൽ കൗൺസിലാണ് നിലവിൽ കാർഷിക സർവ്വകലാശാലയുടെ ഭരണനിർവ്വഹണത്തിനായുള്ള പരമാധികാര സമിതി ജനറൽ കൗൺസിലിൽ ജനപ്രതിനിധികളും വിവിധ വിഭാഗങ്ങളുടെ പ്രതിനിധികളുമായി 15 അംഗങ്ങളെ തെരഞ്ഞെടുപ്പിലൂടെയാണ് ഉൾപ്പെടുത്തുന്നത്. ഐ.സി.എ.ആർ. മാതൃകാ നിയമം അനുസരിച്ച് സർവ്വകലാശാല ഭരണ നിർവ്വഹണത്തിനായി വിഭാവനം ചെയ്തിട്ടുള്ള പുതിയ സമിതിയിൽ (ബോർഡ് ഓഫ് മാനേജ്മെന്റ്), ബഹു. ചാൻസിലറും, സർക്കാരും, സർവ്വകലാശാല വൈസ് ചാൻസിലറും നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങളും എക്സ് ഒഫിഷ്യോ അംഗങ്ങളും മാത്രമാണ് ഉള്ളത്. തെരഞ്ഞെടുപ്പിലൂടെ ഉൾപ്പെടുത്തേണ്ട രീതിയിൽ (elected members) ജനപ്രതിനിധികളെയും, വിവിധ മേഖലകളിൽ നിന്നുള്ള പ്രതിനിധികളെയും അംഗങ്ങളായി ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയതിന് |

ജനാധിപത്യ സ്വഭാവം ഇല്ല എന്ന കാരണത്താൽ കേരള കാർഷിക സർവ്വകലാശാലയുടെ ഭരണ സമിതിയുടെ (01/03/2014-ലെ 516-ാമത് യോഗം) ഐ.സി.എ.ആർ. മാതൃകാനിയമം കേരള കാർഷിക സർവ്വകലാശാലയിൽ നടപ്പാക്കരുതെന്ന് തീരുമാനമെടുത്തിട്ടുണ്ട്. ആയത് സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

കേരള നിയമസഭ പാസ്സാക്കിയ 1971-ലെ ആക്ട് 33 പ്രകാരമുള്ള കാർഷിക സർവ്വകലാശാല നിയമം ഐ.സി.എ.ആർ. മാതൃകാ നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനം എടുത്തിട്ടില്ല.

സെക്ഷൻ ഓഫീസർ